# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് യുവജന കേന്ദ്രീകൃതമായ 62,000 കോടിയിലധികം രൂപയുടെ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഡൽഹിയിൽ തുടക്കം കുറിക്കും.

   **Prime Minister Narendra Modi will launch over Rs 62,000 crore youth-centric initiatives in the country in Delhi tomorrow.**

2. അതിവേഗത്തിൽ കൃത്യതയോടെ ലക്ഷ്യം കൈവരിച്ച പോരാട്ടമായി ഓപ്പറേഷൻ സിന്ദൂർ ഓർമ്മിക്കപ്പെടുമെന്ന് വ്യോമസേനാ മേധാവി അമർ പ്രീത് സിംഗ്.

   **Air Force Chief Amar Preet Singh said that Operation Sindoor will be remembered as a battle that achieved its goal with speed and precision.**

3. പാക് അധിനിവേശ ജമ്മു കശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങൾക്ക് പാകിസ്ഥാനാണ് മറുപടി പറയേണ്ടതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ.

   **Pakistan should respond to human rights violations in Pakistan-occupied Jammu and Kashmir, said External Affairs Ministry spokesperson Randhir Jaiswal.**

4. സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്നവരെ ചേർത്തുനിർത്തിക്കൊണ്ടുള്ള വികസന മാതൃക സൃഷ്ടിക്കാനാണ് കേരളം ശ്രമിക്കുന്നതെന്ന് മന്ത്രി ആർ. ബിന്ദു.

   **Minister R. Bindu said that Kerala is trying to create a development model that includes the most vulnerable in the society.**

5. **തിരുവനന്തപുരത്ത് നിന്നും പത്മനാഭപുരത്തേക്കുള്ള നവരാത്രി വിഗ്രഹങ്ങളുടെ മടക്ക ഘോഷയാത്ര നാളെ.**

**The return procession of Navratri idols from Thiruvananthapuram to Padmanabhapuram tomorrow.**

6. **അഹമ്മദാബാദ് ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റിൻഡീസിനെതിരെ ഇന്ത്യ ശക്തമായ നിലയിൽ.**

**India is strong against West Indies in the Ahmedabad Cricket Test.**

***************************

## PM-YOUTH PROJECTS

രാജ്യത്ത് യുവജന കേന്ദ്രീകൃതമായ വിവിധ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഡൽഹിയിൽ തുടക്കം കുറിക്കും. 62,000 കോടിയിലധികം രൂപയുടെ സംരംഭങ്ങൾക്കാണ് നാളെ തുടക്കമാകുന്നത്. രാജ്യത്തെ ആയിരം ഗവൺമെന്റ് ഐ.ടി.ഐ-കളുടെ നവീകരണത്തിനായി പിഎം-സേതുവിന് നാളെ പ്രധാനമന്ത്രി തുടക്കമിടും. ബീഹാറിൽ സ്കിൽ യൂണിവേഴ്സിറ്റി ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം നാല് സർവകലാശാലകളിൽ പുതിയ അക്കാദമിക്, ഗവേഷണ സൗകര്യങ്ങൾക്ക് തറക്കല്ലിടുകയും ചെയ്യും. നവോദയ വിദ്യാലയങ്ങളിലും ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും സ്ഥാപിച്ചിട്ടുള്ള 1,200 വൊക്കേഷണൽ സ്കിൽ ലാബുകളും ശ്രീ.മോദി വിദ്യാർത്ഥികൾക്കായി സമർപ്പിക്കും.

***************************

## AMIT SHAH-HARYANA

സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുമ്പോൾ ഖാദിക്ക് അതിൽ ഒരു പ്രധാന സംഭാവന ഉണ്ടായിരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഹരിയാനയിലെ റോഹ്തക്കിൽ ഖാദി കരിഗർ മഹോത്സവത്തിൽ കരകൗശല വിദഗ്ധരുമായി

സംവദിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഖാദി ഗ്രാമ വ്യവസായങ്ങൾ ലക്ഷക്കണക്കിന് നെയ്ത്തുകാർക്ക് ശക്തമായ വേദിയായി മാറുകയാണെന്നും അദ്ദേഹം പറഞ്ഞു.

***************************************

## REV. IAF- SINDOOR (INTRO)

അതിവേഗത്തിൽ കൃത്യതയോടെ ലക്ഷ്യം കൈവരിച്ച ഒരു പോരാട്ടമായി ഓപ്പറേഷൻ സിന്ദൂർ ഓർമ്മിക്കപ്പെടുമെന്ന് വ്യോമസേനാ മേധാവി -എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ്. 93-ാമത് വ്യോമസേനാ ദിന വാർഷികാഘോഷത്തിനു മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആസൂത്രണ ഘട്ടം മുതൽ തന്നെ മൂന്ന് സേനാ വിഭാഗങ്ങളും ഏകോപിച്ചു പ്രവർത്തിച്ചുവെന്നും മാറുന്ന യുദ്ധമുഖത്തിനനുസരിച്ച് രാജ്യത്തെ സേനകൾ സദാ തയ്യാറാണെന്നും എ.പി.സിങ് വ്യക്തമാക്കി.

(വോയിസ് BYTE)

ഈ മാസം 8 ന് ഹിൻഡൺ സ്റ്റേഷനിൽ നടക്കുന്ന വ്യോമസേനാ ദിനാചരണത്തിൽ സംയുക്ത സേന മേധാവിമാർ പങ്കെടുക്കും.

***************************************

## RAJNATH-HYDERABAD

രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതി 24,000 കോടി രൂപയിൽ നിന്ന് 2029 ആകുമ്പോഴേക്കും 50,000 കോടി രൂപയിലെത്തുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഹൈദരാബാദിൽ ജിറ്റോ കണക്റ്റ് എക്സിബിഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ ലോകത്തിന്റെ ഫാക്ടറിയായി മാറുന്ന ദിവസം വിദൂരമല്ലെന്ന് രാജ്നാഥ് സിംഗ് പറഞ്ഞു. മെയ്ക്ക് ഇൻ ഇന്ത്യ പരിപാടി പ്രതിരോധ സംവിധാനങ്ങളിൽ തദ്ദേശീയ ഭാഗങ്ങൾ ഉപയോഗിക്കുന്നത് സാധ്യമാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## SPECIAL CAMPAIGN- REDDY

ഇലക്ട്രോണിക് മാലിന്യ പുനരുപയോഗ ദൗത്യത്തിന് , രാജ്യത്ത് തുടക്കമായി. സ്പെഷ്യൽ കാമ്പെയ്ൻ 5.0 പ്രകാരം നടക്കുന്ന പ്രചാരണത്തിന് കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡിയാണ് തുടക്കം കുറിച്ചത്. കാലഹരണപ്പെട്ട ഇലക്ട്രോണിക് ഉപകരണങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനുമാണ്, ഈ മാസം 31 വരെ നീളുന്ന ഇ-വേസ്റ്റ് ശേഖരണ ക്യാമ്പയിൻ ലക്ഷ്യമിടുന്നത്.

******************************

## MANDAVIYA- MEETINGS+INDIAN DIASPORA

ക്വാലാലംപൂരിൽ നടക്കുന്ന ലോക സാമൂഹിക സുരക്ഷാ ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ഇന്ന് അന്താരാഷ്ട്ര സാമൂഹിക സുരക്ഷാ അസോസിയേഷൻ പ്രസിഡന്റുമായും മലേഷ്യ, ഉഗാണ്ട എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. സുരക്ഷിത തൊഴിൽ, സാമൂഹിക സംരക്ഷണ സഹകരണം എന്നിവ ചർച്ചയായി. സാമൂഹിക സംരക്ഷണത്തിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾക്ക് ISSA പ്രസിഡന്റ് അഭിനന്ദനം അറിയിച്ചു. ഇന്ത്യയുടെ വൈദഗ്ധ്യ തൊഴിൽ ശക്തിയിലൂടെ മലേഷ്യയുടെ തൊഴിൽ വിപണിയെ പിന്തുണയ്ക്കാനുള്ള ഇന്ത്യയുടെ സന്നദ്ധത മലേഷ്യൻ മാനവ വിഭവശേഷി മന്ത്രി സ്റ്റീവൻ സിം ചീ കിയോങ്ങുമായുള്ള കൂടിക്കാഴ്ചയിൽ, മാണ്ഡവ്യ വ്യക്തമാക്കി. മലേഷ്യയിലെ ഇന്ത്യൻ തൊഴിലാളി സമൂഹവുമായും അദ്ദേഹം സംവദിച്ചു.

******************************

## EC- CENTRAL OBSERVERS

തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിക്കുന്ന നിരീക്ഷകർ പോളിംഗ് സ്റ്റേഷനുകൾ സന്ദർശിച്ച് വോട്ടർമാരുടെ സൗകര്യാർത്ഥം കമ്മീഷൻ സ്വീകരിച്ച നടപടികൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ തിരഞ്ഞെടുപ്പ് നിരീക്ഷകർക്ക് നിർദ്ദേശം നൽകി. ന്യൂഡൽഹിയിൽ നടന്ന ഉദ്യോഗസ്ഥതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരഞ്ഞെടുപ്പ് നിരീക്ഷകർ ജനാധിപത്യത്തിന്റെ ദീപസ്തംഭങ്ങളാണെന്ന് ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു. എല്ലാ തിരഞ്ഞെടുപ്പ് നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കർശനവും നിഷ്പക്ഷവുമായി പാലിക്കണമെന്ന് അദ്ദേഹം കേന്ദ്ര നിരീക്ഷകരോട് ആവശ്യപ്പെട്ടു.

*************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*************************

## GST REFORMS- TWO WHEELERS & CARS

പുതു തലമുറ ജി എസ് ടി പരിഷ്കാരങ്ങൾ സമൂഹത്തിന്റെ നാനാതുറകളിൽപെട്ടവർക്ക് വളരെയധികം പ്രയോജനം ചെയ്തു വരികയാണ്. ചെറു കാറുകൾക്കുള്ള നികുതി 18 മുതൽ 28 ശതമാനം വരെ കുറച്ചത് ഉപഭോക്താക്കൾക്ക് ആശ്വാസമാണ് . ഇടത്തരം കുടുംബക്കാർക്ക് സാമ്പത്തിക ബാധ്യത കുറയ്ക്കുന്ന നടപടി ചെറുകാറുകളുടെ വില്പനയ്ക്ക് ഊർജം പകരുന്നു.

*************************

## MEA (INTRO)

പാകിസ്ഥാൻ അധിനിവേശ ജമ്മു കശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങൾക്ക് പാകിസ്ഥാനാണ് മറുപടി പറയേണ്ടതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ.

ന്യൂഡൽഹിയിൽ മാധ്യമങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. നിരപരാധികളായ സാധാരണക്കാർക്ക് നേരെ പാകിസ്ഥാൻ സൈന്യം നടത്തിയ ആക്രമണങ്ങളും മേഖലയിലെ പ്രതിഷേധങ്ങളും അദ്ദേഹം എടുത്തു പറഞ്ഞു.

(ബൈറ്റ്-ജയ്സ്വാൾ)

ഇന്ത്യ ഉൾപ്പെടെയുള്ള ബാഹ്യ സ്വാധീനങ്ങളാണ് സമീപകാല അശാന്തിക്ക് കാരണമായതെന്ന ബംഗ്ലാദേശ് ആഭ്യന്തര ഉപദേഷ്ടാവിന്റെ അവകാശവാദങ്ങൾ ശ്രീ ജയ്സ്വാൾ നിഷേധിച്ചു.

*****************************

## MINISTER – R BINDHU

സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങളെ ചേർത്തുനിർത്തിക്കൊണ്ട് സമഗ്രമായ വികസന മാതൃകകൾ സൃഷ്ടിക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നതെന്ന് മന്ത്രി ആർ. ബിന്ദു. സാമൂഹികനീതിയിൽ അധിഷ്ഠിതമായ നവകേരള നിർമ്മിതി ലക്ഷ്യമിടുന്ന 'വിഷൻ 2031' സംസ്ഥാനതല സെമിനാർ മന്ത്രി ഉദ്ഘാടനം ചെയ്തു. സംസ്ഥാനം രൂപീകൃതമായതിൻ്റെ 75-ാം വാർഷികമായ 2031-ൽ കൈവരിക്കേണ്ട വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനാണ് 'വിഷൻ 2031' ലക്ഷ്യമിടുന്നത്.

*****************************

## NAVARATHRI

നവരാത്രി വിഗ്രഹങ്ങളുടെ തിരുവനന്തപുരത്ത് നിന്നുള്ള മടക്ക ഘോഷയാത്ര നാളെ. രാവിലെ ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്ന് സരസ്വതി ദേവിയും ആര്യശാല ദേവീക്ഷേത്രത്തിൽ നിന്ന് കുമാര സ്വാമിയും ചെന്തിട്ട ക്ഷേത്രത്തിൽ നിന്ന് മുന്നൂറ്റി നങ്കയും എഴുന്നള്ളി കിള്ളിപ്പാലത്ത് സംഗമിക്കും. കിള്ളിപ്പാലത്ത് കേരള പൊലീസ് ഗാർഡ് ഓഫ് ഓണർ നൽകും.

തുടർന്ന് മൂന്ന് വിഗ്രഹങ്ങളും പത്മനാഭപുരത്തെയും ശുചീന്ദ്രത്തെയും മാതൃ ക്ഷേത്രങ്ങളിലേക്ക് മടങ്ങും.

***************************

## T.J.S GEORGE – DEATH

മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ടി.ജെ.എസ് ജോർജ് അന്തരിച്ചു. 97 വയസ്സായിരുന്നു. ഹൃദയാഘാതത്തെത്തുടർന്ന് ബാംഗ്ളൂരിലെ മണിപ്പാൽ ആശുപത്രിയിൽ ഇന്ന് വൈകിട്ടോടെയായിരുന്നു അന്ത്യം. 2011-ൽ രാജ്യം അദ്ദേഹത്തിന് പദ്മഭൂഷൺ നൽകി ആദരിച്ചു. എഴുത്തുകാരൻ, കോളമിസ്റ്റ്, ജീവചരിത്രകാരൻ എന്നീ നിലയിൽ സുപ്രധാനമായ നിരവധി പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

***************************

## OCHIRA – FESTIVAL

ഓണാട്ടുകരയ്ക്ക് പ്രധാനമായ ഇരുപത്തെട്ടാം ഓണാഘോഷ ഉത്സവത്തിന്റെ ഭാഗമായി ഇന്ന് ഓച്ചിറയിൽ പ്രസിദ്ധമായ കാളകെട്ടുത്സവം നടക്കുന്നു. ചെറുതും വലുതുമായ കെട്ടുകാളകളെ വൈകിട്ട് പരബ്രഹ്മ സന്നിധിയിലേക്ക് എഴുന്നള്ളിക്കും. 52 കരകളിലെ വിവിധ കാളമൂടുകളിൽ കാളകെട്ടുസമിതികളുടെ നേതൃത്വത്തിൽ കെട്ടിയുണ്ടാക്കിയ 200 ലധികം കാളരൂപങ്ങളാണ് പടനിലത്തെത്തുന്നത്. 24 വനിതാ കാളകെട്ടുസമിതികളും ഇത്തവണ കാളരൂപങ്ങൾ എഴുന്നള്ളിക്കുന്നുണ്ട്. കാളകെട്ടുത്സവത്തോട് അനുബന്ധിച്ച് ദേശീയപാത 66 ൽ കരുനാഗപ്പള്ളി മുതൽ കായംകുളം വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

***************************

## IND-WI CRICKET TEST

അഹമ്മദാബാദിൽ വെസ്റ്റിൻഡീസിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ശക്തമായ നിലയിൽ. രണ്ടാം ദിവസം കളി അവസാനിപ്പിക്കുന്പോൾ ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 5 വിക്കറ്റിന്

448 റൺസ് എടുത്തിട്ടുണ്ട്. ഇന്ത്യക്കായി കെ എൽ രാഹുലും ധ്രുവ് ജുറേലും രവീന്ദ്ര ജഡേജയും സെഞ്ച്വറി നേടി. നിലവിൽ ഇന്ത്യക്ക് 286 റൺസിൻ്റെ ലീഡാണുള്ളത്. ആദ്യ ഇന്നിംഗ്സിൽ വെസ്റ്റിൻഡീസ് 162 റൺസിന് പുറത്തായിരുന്നു.

****************************

## SPORTS–WEIGHTLIFT

നോർവേയിൽ നടന്ന ലോക ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ 48 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ മീരാഭായ് ചാനു വെള്ളി മെഡൽ നേടി. മത്സരത്തിൽ ആകെ 199 കിലോഗ്രാം ഉയർത്തിയാണ് ചാനു മെഡൽ നേടിയത്.

****************************************************************************************************************